**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1678** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഉണ്ട കൊപ്ര സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉണ്ട കൊപ്ര സംഭരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സംഭരണത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; | (എ) | കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളായ സ. ഉ. (കൈ )നം 29/2024/AGRI തീയതി 27.03.2024, സ. ഉ. (കൈ )നം 32/2024/AGRI തീയതി 21.05.2024 എന്നിവയുടെ അടിസ്ഥാനത്തിൽ മാർക്കറ്റ്ഫെഡും VFPCK യും കൊപ്ര സംഭരണം നടത്തി വരുന്നു. കൂടാതെ 03.06.2024- ന് സംസ്ഥാനതല ഏജൻസികൾ, ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റിസ് , സ്റ്റേറ്റ് ഹെഡ് - നാഫെഡ് എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു അവലോകന യോഗം കൃഷി ഡയറക്ടർ തലത്തിൽ നടത്തി മില്ലിങ് കൊപ്രയുടെയും ഉണ്ടക്കൊപ്രയുടെയും സംഭരണം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകുകയും സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഉണ്ട കൊപ്ര സംഭരണത്തിന് പി.എസ്.എസ് സ്കീം (പ്രൈസ് സപ്പോർട്ട് സ്കീം) 2024 മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വി.എഫ്.പി.സി.കെ യുടെ 69 സംഭരണ കേന്ദ്രങ്ങൾ സജ്ജമാണ്. മാർക്കറ്റ്ഫെഡിന് കീഴിൽ 2 സൊസൈറ്റികൾ കൊപ്ര സംഭരണത്തിന് തയ്യാറായി വന്നിട്ടുണ്ട്. പി എസ് എസ് (പ്രൈസ് സപ്പോർട്ട് സ്കീം) കൊപ്ര പദ്ധതി പ്രകാരം 2024 സീസണിൽ ഉണ്ടക്കൊപ്രയ്ക്ക് ഉണ്ടായിരിക്കേണ്ട ഫെയർ ആവറേജ് ക്വാളിറ്റി (FAQ) മാനദണ്ഡങ്ങൾ/ ഗ്രേഡ് സ്പെസിഫിക്കേഷൻ **അനുബന്ധമായി** ചേർക്കുന്നു. ഉണ്ട കൊപ്ര ക്വിന്റലിന് 12,000/-രൂപ നിരക്കിലാണ് സംഭരിക്കേണ്ടത്. |
| (ബി) | സംഭരണത്തിന് ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | നാഫെഡ് മുഖാന്തിരം കൊപ്ര സംഭരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല ഏജൻസികളായി ചുമതലപ്പെടുത്തിയിരിക്കുന്നത് |

| | | | |
|---|---|---|---|
| | | | മാർക്കറ്റ്ഫെഡിനെയും, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനെയും, കേന്ദ്ര വെയർ ഹൗസിങ്ങ് കോർപ്പറേഷനേയുമാണ്. |
| (സി) | കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ എത്ര സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ മണിയൂർ എന്ന ഒരു സംഭരണകേന്ദ്രം VFPCK ആരംഭിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

പി എസ് എസ് (പ്രൈസ് സപ്പോർട്ട് സ്കീം) കൊപ്ര പദ്ധതി പ്രകാരം 2024 സീസണിൽ ഉണ്ടക്കൊപ്രയ്ക്ക് ഉണ്ടായിരിക്കേണ്ട ഫെയർ ആവറേജ് ക്വാളിറ്റി (FAQ) മാനദണ്ഡങ്ങൾ/ ഗ്രേഡ് സ്പെസിഫിക്കേഷൻ

| ക്രമ നം. | സവിശേഷതകൾ | മാക്സിമം ടോളറൻസ് ലിമിറ്റ് |
|---|---|---|
| 1 | ഡയമീറ്റർ (മി.മി) | 75 |
| 2 | ഫോറിൻമാറ്റർ (% by weight max) | 0.2 |
| 3 | മോൾഡി & ബ്ലാക്ക് കേർണലുസ് (% by count max) | 2 |
| 4 | റിങ്കിൾഡ് കേർണലുസ് (% by count max) | 10 |
| 5 | ചിപ്പ്സ് (% by weight max) | 1 |
| 6 | മോയിസ്ചർ കണ്ടൻറ്(% by weight max) | 7 |

(signature)

**സെക്ഷൻ ഓഫീസർ**